SUNDAY 28/12/2025 ഞായറാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU


Agriculture Development and Farmer's Welfare Department

Government of Kerala

Chief Editor: SINDHU. KS Editor: Dr. G.Pramodkumar



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 28/12/2025

1. കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള അമ്പലവയലിലെ റീജിയണൽ അഗ്രികൾച്ചറൽ റിസർച്ച് സ്റ്റേഷൻ (ആർഎആർഎസ്) 2026 ജനുവരി 1 മുതൽ 15 വരെ നടക്കുന്ന വാർഷിക **അന്താരാഷ്ട്ര പുഷ്പമേളയായ പൂപ്പൊലി 2026** സംഘടിപ്പിക്കുന്നു. കാർഷിക മേഖലയിലെ പുഷ്പ സൗന്ദര്യത്തിന്റെയും സാങ്കേതിക പുരോഗതിയുടെയും പ്രദർശനമായ ഈ പരിപാടിയിൽ കാർഷിക യന്ത്രങ്ങൾ, മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ, നൂതന പരിഹാരങ്ങൾ, കാർഷിക രീതികളിലെ പുരോഗതി എന്നിവയുൾപ്പെടെ കാർഷിക സംബന്ധിയായ ഉൽപ്പന്നങ്ങളുടെയും സാങ്കേതികവിദ്യകളുടെയും വിപുലമായ ശ്രേണി അവതരിപ്പിക്കുന്നു.

2. കേന്ദ്ര സർക്കാരിന്റെ 2017 ലേയും 2018 ലേയും വിജ്ഞാപനങ്ങൾ പ്രകാരം ഡോഗ് ബ്രീഡിംഗ്, മാർക്കറ്റിംഗ്, പെറ്റ് ഷോപ്പുകൾ എന്നിവയിൽ ഏർപ്പെട്ടിരിക്കുന്ന വ്യക്തികളും സ്ഥാപനങ്ങളും സംസ്ഥാനത്തെ മൃഗക്ഷേമ ബോർഡിൽ രജിസ്റ്റർ ചെയ്യേണ്ടത് നിർബന്ധമാക്കിയിരിക്കുന്നു. സംസ്ഥാന മൃഗക്ഷേമ ബോർഡിൽ

രജിസ്റ്റർ ചെയ്തിട്ടുള്ള സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും മാത്രമേ ഇനി മുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ലഭ്യമാകുകയുള്ളൂ. മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ ആണ് നിലവിൽ ബോർഡിന്റെ മെമ്പർ സെക്രട്ടറി. പുതിയ പെറ്റ്ഷോപ്പ് തുടങ്ങുന്നതിനും , ഡോഗ് ബ്രീഡർ ആയി രജിസ്റ്റർ ചെയ്യുന്നതിനും വില്പന നടത്തുന്നതിനും ഉള്ള രജിസ്ട്രേഷൻ ഫോമുകൾ www.ahd.kerala.gov.in എന്ന മൃഗസംരക്ഷണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. വെബ്സൈറ്റിൽ നിന്നും ഫോമുകൾ ഡൗൺലോഡ് ചെയ്ത് പൂരിപ്പിച്ച അപേക്ഷകൾ ആവശ്യമായ രേഖകളും, രജിസ്ട്രേഷൻ ഫീസായി മെമ്പർ സെക്രട്ടറി /കൺവീനർ, മൃഗക്ഷേമ ബോർഡ്, കേരളത്തിന്റെ പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന 5000 രൂപയുടെ ചെക്ക്/ ഡി ഡി/ ഓൺലൈൻ പേയ്മെന്റ് (അക്കൗണ്ട് നമ്പർ : 40341111002087 IFSCode: KLGB0040341) സഹിതം ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറേറ്റ്, വികാസ് ഭവൻ പി ഓ തിരുവനന്തപുരം-33 എന്ന വിലാസത്തിലേക്ക് അയച്ചുതരേണ്ടതാണ്. കൂടാതെ പൂരിപ്പിച്ച അപേക്ഷാ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഫോറങ്ങൾ സ്കാൻ ചെയ്ത് sawbkerala@gmail.com എന്ന ഇ-മെയിൽ വിലാസത്തിലേക്കും അയച്ച് തരേണ്ടതാണ്.

3. കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള കേളപ്പജി കോളേജ് ഓഫ് അഗ്രികൾച്ചറൽ എഞ്ചിനീയറിങ് & ഫുഡ് ടെക്നോളജി, തവനൂരിൽ ഒരു പാർട്ട് ടൈം സ്റ്റുഡന്റ് കൗൺസിലറുടെ താൽകാലിക ഒഴിവിലേക്ക് ഒരു വർഷത്തേക്ക് കരാറടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിനായി 07.01.2026 ന് രാവിലെ 10 മണിക്ക് വാക്ക്-ഇൻ-ഇന്റർവ്യൂ നടത്തുന്നു. യോഗ്യത: സൈക്കോളജി, കൗൺസലിംഗ് സൈക്കോളജി, അപ്ലൈഡ് സൈക്കോളജി ഇവയിലേതിലെങ്കിലും എം.എസ്.സി/ എ.എ. ബിരുദാനന്തര ബിരുദം. പ്രതിമാസ വേതനം 30000/- രൂപ. വിശദ വിവരങ്ങൾക്ക് kcaet.kau.in, www.kau.in എന്നിവ സന്ദർശിക്കുക. ഫോൺ നമ്പർ: 0494-2686214.

## പരിശീലന പരിപാടി

4. കോഴിക്കോട് ജില്ലയിലെ ബേപ്പൂർ നടുവട്ടത്ത് സ്ഥിതി ചെയ്യുന്ന കേരള സർക്കാർ സ്ഥാപനമായ ക്ഷീര പരിശീലന കേന്ദ്രത്തിൽ വെച്ച് ജനുവരി മാസം 05, 06, 07 തീയതികളിലായി കോഴിക്കോട്, വയനാട്,

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

മലപ്പുറം ജില്ലകളിലെ ക്ഷീരസംഘം ലാബ് അസിസ്റ്റന്റ്/പ്രൊക്യൂർമെന്റ് അസിസ്റ്റന്റ്മാർക്ക് പരിശീലന പരിപാടി നടത്തുന്നു. രജിസ്ട്രേഷൻ ഫീസ് 20 രൂപ. ആധാർ കാർഡിന്റെ പകർപ്പ് പരിശീലന സമയത്ത് ഹാജരാക്കേണ്ടതാണ്. പരിശീലനത്തിന് താൽപര്യമുള്ളവർ 30.12.25 ന് വൈകുന്നേരം 5 മണിക്ക് മുൻപായി 0495-2414579 എന്ന ഫോൺ നമ്പർ മുഖാന്തരമോ നേരിട്ടോ പേര് രജിസ്റ്റർ ചെയ്യേണ്ടതും കൺഫർമേഷൻ ലഭിച്ചവരെ മാത്രം പരിശീലനത്തിന് പങ്കെടുപ്പിക്കുന്നതുമാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം